# സെൻ്റ്. റീത്താസ്
# L.P.S മുടക്കിരായി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# നിർവ്വഹണ പദ്ധതി.

# 2025 - 2026

# ആമുഖം

തോമാശ്ലീഹാ രൂപം നൽകിയ ക്രൈസ്തവ സമൂഹം തീരപ്രദേശങ്ങളിൽ നിന്ന് ഉൾനാടൻ പ്രദേശങ്ങളിലേക്ക് കുടിയേറി പാർത്തു. ഇങ്ങനെ കുടിയേറിയ കൊടുങ്ങല്ലൂർ ക്രിസ്ത്യാനികളാണ് കുറുപ്പംപടിയിൽ പള്ളി സ്ഥാപിച്ചത്.

കൂനൻ കുരിശ് സത്യത്തെ തുടർന്ന് കേരള സഭയിൽ ഉണ്ടായ പിളർപ്പിന്റെ പശ്ചാത്തലത്തിലാണ് എ.ഡി. 1789-ൽ മുടക്കിരായിയിൽ വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമധേയത്തിലുള്ള ദേവാലയം സ്ഥാപിതമായത്.

ഈ കാലഘട്ടങ്ങളിൽ അക്ഷരാഭ്യാസം ഇല്ലാതെ ആളുകൾ വലഞ്ഞിരുന്ന നാട്ടിൽ പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ചാവറയച്ചന്റെ ആശയം ഉൾക്കൊണ്ട് വെള്ളാനപ്പിള്ളിട ലൂക്കാ നാലുകോട് അച്ചന്റെ നേതൃത്വത്തിൽ 1935-ൽ ഈ വിദ്യാക്ഷേത്രത്തിന് പ്രാരംഭം കുറിച്ചു. വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗത്ത് ഈ പ്രദേശത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കാൻ ഈ വിദ്യാക്ഷേത്രത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ നാടിനെ ഹരിതാഭമാക്കുന്നതിൽ പെരിയാർവാലി കനാൽ നല്ല പങ്ക് വഹിക്കുന്നുണ്ട്.

നമ്മുടെ സെന്റ് തോമസ് സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഉന്നതസ്ഥാനം അലങ്കരിച്ചവരാണ് എന്ന സന്തോഷവാർത്ത

എടുത്തു പറയേണ്ടതാണ്. കളക്ടർ , സംസ്ഥാന ചീഫ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ച ശ്രീ. സി. ബാബുപോൾ ഐ. എ. എസ് ഇവരിൽ പ്രധാനിയാണ്. അഭിഭാഷകർ , രാഷ്ട്ര-ജ്ഞന്മാർ എന്നിവരുടെ നീണ്ടനിര തന്നെ നമ്മുടെ പൂർവ്വവിദ്യാർത്ഥികളിലുണ്ട്. ബഹുമാന-പ്പെട്ട വൈദികർ , ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവരെ വാർത്തെടുക്കുന്നതിൽ നമ്മുടെ സ്കൂൾ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. അവരുടെ പ്രാർത്ഥനകളാൽ ഈ സ്കൂൾ അനുഗ്രഹീതമാണ്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തും.

1. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കി ഉത്തമ പൗരന്മാരാക്കി മാറ്റും.
2. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
3. വിവര സാങ്കേതിക വിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തും.
4. പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് മത്സര പരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.
5. ചിത്രച്ചുവരുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം രസകരമാക്കും.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥി-കൾക്കുള്ള പഠനാന്തരീക്ഷം ഒരുക്കും.
7. മികച്ച സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ പാതയിലേക്കുയർത്തും.
8. പരിസ്ഥിതി ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കും.
9. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തും.

10. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠന നില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കും.

11. സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ കുട്ടികളിൽ ഉണ്ടാകേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നു.

# ഉപലക്ഷ്യങ്ങൾ

1. കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തിയെടുക്കാൻ ചിത്രരചനാ ക്യാമ്പുകൾ, IT സാധ്യത പ്രയോജനപ്പെടുത്തി കമ്പ്യൂട്ടർ ചിത്രരചനാമത്സരങ്ങൾ, പഴമകൾ നിലനിർത്താൻ നാടൻപാട്ട് ശില്പശാല എന്നിവ സംഘടിപ്പിക്കും.

കായികശേഷി വികസനത്തിനുതകുന്ന മെച്ചപ്പെട്ട കായിക പരിശീലനവും കായിക വിദ്യാഭ്യാസവും നൽകും.

2. ഇംഗ്ലീഷ് അസംബ്ലിയിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തും.

ഇംഗ്ലീഷ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

ICT സാധ്യത പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് റൈമുകൾ, കഥകൾ എന്നിവ കേൾക്കുന്നതിന് അവസരം ഒരുക്കും.

3. ഭാഷാവിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

4. എൽ.എസ്.എസ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം. മാസംതോറും ജനറൽ ക്വിസ്, വാരാന്ത്യത്തിൽ മാധ്യമക്വിസ്, അസംബ്ലിയിൽ പത്രവാർത്തയിലെ പ്രധാന ചോദ്യം ചോദിക്കൽ, ഉത്തരപ്പെട്ടി നറുക്കെടുപ്പ്, സമ്മാനം ഇവ നടത്തും.

5. പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഡേറ്റാ ശേഖരണം നടത്തുകയും പഠനപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തും.

6. ഓരോ കുട്ടിയുടെയും വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നതിനായി Students Accadamic profile തയ്യാറാക്കുന്നു.

7. രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് നടത്തും.

8. ഭവന സന്ദർശനം : കുട്ടികളുടെ ഭവനം സന്ദർശിച്ച് അവരുടെ ഭവന പശ്ചാത്തലം മനസ്സിലാക്കുന്നു.

# സ്കൂൾ ചരിത്രം

അറിവ് അഗ്നിയാണെന്നും. ആ അഗ്നിയുടെ പ്രകാശസ്ഫുലിംഗങ്ങൾ വ്യക്തിയിലും സമൂഹത്തിലും ചലനങ്ങൾ സൃഷ്ടിക്കുമെന്നും മനസിലാക്കിയ ഇവിടത്തെ ജനങ്ങൾ സെന്റ് പീറ്റർ ആന്റ് സെന്റ് പോൾസ് പള്ളിയിലെ വികാരിയായിരുന്ന റവ. ഫാ. ലൂക്കാ താണിക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ 1935-ൽ ഈ സരസ്വതിക്ഷേത്രത്തിന് പ്രാരംഭം കുറിച്ചു. വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക രംഗത്തും വന്ന വളർച്ചയ്ക്ക് ഈ വിദ്യാലയം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 77 കുട്ടികളും 2 അധ്യാപകരുമായി പ്രവർത്തനം ആരംഭിച്ച സ്കൂൾ 1946-ൽ പൂർണ്ണ പ്രൈമറി സ്കൂളായി.

പിന്നീട് വർഷങ്ങളിലെല്ലാം പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന സെന്റ് തോമസ് എൽ.പി.സ്കൂൾ അതിന്റെ ജൈത്രയാത്ര അഭംഗുരം തുടർന്നുകൊണ്ടേയിരിക്കുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തുന്ന നമ്മുടെ കുട്ടികൾ മത്സര പരീക്ഷകളിലും തിളക്കമാർന്ന വിജയം കരസ്ഥമാക്കി വരുന്നു.

88 വർഷങ്ങൾ പിന്നിട്ട സെന്റ് തോമസ് എൽ.പി.സ്കൂൾ     കുട്ടികളും 13 അധ്യാപകരുമായി പുത്തൻ പ്രതീക്ഷകളും കർമ്മപരിപാടികളുമായി മുന്നേറിക്കൊണ്ടിരിക്കുന്നു.

# കാഴ്ചപ്പാട്

- സാമൂഹ്യ പ്രതിബദ്ധതയും ദേശസ്നേഹവും മൂല്യബോധവും അച്ചടക്കവും ഉള്ള പൗരന്മാരായി കുട്ടികളെ വാർത്തെടുക്കും.
- ശാസ്ത്രാവബോധവും ചരിത്രാവബോധവും സ്വാശ്രയശീലവും ഉള്ളവനായി സമൂഹത്തെ നയിക്കാൻ പ്രാപ്തനാക്കും.
- കുട്ടികൾ ആർജ്ജിച്ചെടുത്ത കഴിവുകൾ വ്യത്യസ്ത സന്ദർഭങ്ങൾക്കനുസരിച്ച് അവരുടെ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കും.
- വിദ്യാലയത്തിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികളേയും രക്ഷിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.

* എസ്. ആർ. ജി യോഗത്തിൽ സ്കൂൾ വിഷൻ 2023 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കുക.

* വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരടുരൂപരേഖ തയ്യാറാക്കുക.

* ഈ കരടുരേഖ SRG, SMC, PTA, MPTA സംഘടനാ പ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കുക.

* ശിൽപ്പശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുക.

* പി. ടി. എ യുടെ ഉത്തരവാദിത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കുക.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

അക്കാദമികം.

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
6. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
7. കുട്ടികൾക്കാവശ്യമായ ഗൈഡൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
8. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
9. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
3. വേണ്ടത്ര ടോയ്‌ലെറ്റുകളുടെ അഭാവം.
4. കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

5. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
6. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
3. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
4. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
5. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം. | • മൾട്ടി മീഡിയ റൂം. | • പി.ടി.എ ശക്തിപ്പെടുത്തൽ. |
| • ഗണിത ശേഷി വികസനം. | • അസംബ്ലി ഹാൾ. | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം. |
| • ഇംഗ്ലീഷ് പഠന പരിപോഷണം. | • ഡൈനിംഗ് ഹാൾ. | • ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| • വായന പരിപോഷണം. | | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുക. |
| • ലൈബ്രറി ശാക്തീകരണം. | | • ഭവന സന്ദർശനം |
| • ജൈവവൈവിധ്യ പാർക്ക്. | | • കുട്ടികളുടെ ജന്മദിനത്തോടനുബന്ധിച്ച് മധുര പലഹാരങ്ങൾ കൊണ്ടുവരുന്നതിനു പകരം മാതാപിതാക്കൾ കൊടുത്തുവിടുന്ന ചെറിയ തുകകൾ ശേഖരിച്ച് സ്കൂളിൽ പഠിക്കുന്ന അർഹരായ കുട്ടികളെ കണ്ടെത്തി അവർക്കു നൽകുന്നതു വഴി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏർപ്പെടാനുള്ള അവസരം നൽകുന്നു. |
| • പഠനയാത്രകൾ | | |
| • സെമിനാറുകൾ | | |
| • കലാ കായിക മേള | | |
| • ഐ.ടി. പരിശീലനം | | |
| • അധ്യാപക ശാക്തീകരണം. | | |
| • ക്ലാസ്സ് PTA സജ്ജമാക്കൽ. | | |
| • പ്രവൃത്തി പരിചയ പഠനം. | | |
| • പച്ചക്കറിത്തോട്ടം | | |
| • പോഷകാഹാര പരിപാടി. | | |
| • ഗണിത ലാബ് | | |
| • ഭാഷാ ലാബ് | | |
| • ടേം മൂല്യനിർണ്ണയം. | | |
| • നിരന്തര വിലയിരുത്തൽ. | | |
| • ദിനാചരണം. | | |
| • കായിക പഠനം. | | |

# മേഖലകൾ

- ഭാഷാ വിഷയങ്ങളായ മലയാളം, ഇംഗ്ലീഷ് എന്നിവയിൽ എഴുതാനും വായിക്കാനും സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള കഴിവ് ഉണ്ടാക്കിയെടുക്കാം.
- ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ ശാസ്ത്രാവബോധം വളർത്തും.
- ഗണിത പഠനം എല്ലാ കുട്ടികൾക്കും പ്രാപ്യമായ ഒന്നാക്കി മാറ്റും.
- പ്രത്യേക പരിഗണന അർഹിക്കുന്നവർ (CWSN) ക്കുള്ള പ്രവർത്തനങ്ങൾ ഒരുക്കാം.
- പരിസ്ഥിതി തന്നെ പാഠപുസ്തകം - ജൈവ വൈവിധ്യം പരിചയപ്പെടുത്തും.
- സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തും.
- ആരോഗ്യകലാകായിക മേഖലകളിൽ പുരോഗതി നേടും.
- വിവര വിനിമയ സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തും.

5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക മത്സരങ്ങൾ, ക്ലാസുകൾ, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാം.

6. മികച്ച സാമൂഹ്യ പങ്കാളിത്തത്തോടെ ദിനാചരണങ്ങളും മറ്റ് പൊതുപരിപാടികളും സംഘടിപ്പിക്കാം.

7. ജൈവ വൈവിധ്യനിരീക്ഷണവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ - പുഴയറിയാൻ, മലയറിയാൻ - സംഘടിപ്പിക്കാം.

ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് സസ്യങ്ങൾ, പൂക്കൾ, ഇലകൾ, വേരുകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ ശേഖരണവും പതിപ്പും തയ്യാറാക്കാം.

ശാസ്ത്രാവബോധ ശേഷികളായ നിരീക്ഷണം, വർഗ്ഗീകരണം, താരതമ്യം അപഗ്രഥനം, നിഗമനം എന്നിവയ്ക്ക് അനുഭവവേദ്യമായ അവസരങ്ങൾ ഒരുക്കുവാൻ പഠനയാത്ര സംഘടിപ്പിക്കാം.

8. പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് സ്കൂൾ വിദ്യാർത്ഥികളുടേതിന് സമാനമായി എല്ലാ അവസരങ്ങളും ഒരുക്കാം.

വിദ്യാലയ പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പൊതുപരിപാടികളിലും പ്രീപ്രൈമറി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തും.

# മേഖല : 1
# ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

## ലക്ഷ്യങ്ങൾ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കും.
മികച്ച ഭൗതിക സാഹചര്യങ്ങൾ തയ്യാറാക്കും.
വിവിധ ഏജൻസികളുടെ സഹായം തേടും.

## പ്രവർത്തനങ്ങൾ

1. പ്രത്യേക ടീച്ചിംഗ് മാന്വലും അനുരുത്തനവും നടത്തും.
2. വിവിധ തരം കളിക്കോപ്പുകൾ നൽകി പേശിവികാസത്തിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകും.
3. അഡാപ്റ്റഡ് ടോയ്ലറ്റ് സംവിധാനം ഒരുക്കും.
4. SSA, പഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സഹായം ഒരുക്കും.
5. വീട്ടിലൊരു ക്ലാസ്സ് ലൈബ്രറി ഒരുക്കും.
6. ICT സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്തും.

# മേഖല : ഒന്നാം ക്ലാസ്സ്

## ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

## പ്രവർത്തന പദ്ധതി - മലയാളം.

ജൂൺ - ടീച്ചറും രക്ഷിതാക്കളും പറഞ്ഞുകേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. (രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം)

ജൂലൈ - ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ(കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

സെപ്റ്റംബർ - ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)

ഒക്ടോബർ - ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു. കുട്ടിയുടെ സ്വന്തം കഥ പറയൽ.

നവംബർ - ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

ജനുവരി - ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. വായനാ കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

ഫെബ്രുവരി - ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

മാർച്ച് - ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു. എല്ലാ മാസവും ഭാഷാ പിരീയഡുകളിൽ തത്സമയ നിർമിതികൾ വായിക്കൽ.

ക്ലാസ്സ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു.

ചിത്രവായന - കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിക്കുന്നു.

കാർഡുകളി - അക്ഷരകാർഡു നൽകി പദങ്ങൾ ഉണ്ടാക്കി വായിക്കൽ, പദങ്ങൾ ചേർത്തുവെച്ച് അർത്ഥപൂർണ്ണമായ വാക്കുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

ആഭരണമണിയിക്കാം - ചിഹ്നങ്ങൾ ചേർക്കാത്ത വാക്യങ്ങൾ നൽകുന്നു. ചിഹ്നങ്ങൾ അണിയിക്കുന്നു.

ബാലസഭ - കഥ, കവിത, ആംഗ്യപ്പാട്ട് ഇവ ബാലസഭയിൽ അവതരിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോഴേക്കും താൽപര്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനും വായനാനുഭവങ്ങൾ പങ്കുവയ്ക്കാനും കുട്ടിക്ക് കഴിയണം. | ചിത്രവായന<br>പദകാർഡ്<br>വായനക്കൂട്ടം<br>കഥപറയൽ മത്സരം<br>കഥ കേൾക്കാം. | ഒരു വർഷം | ക്ലാസ്സ് അധ്യാപിക. | |
| എഴുത്തുശേഷി വികസിപ്പിക്കൽ | കഥ - പാട്ടെഴുത്ത് മത്സരം.<br>ഭാഷാകേളി.<br>വായനാക്കാർഡ് നിർമ്മാണം.<br>ബാലസഭ | മാസത്തിൽ ഒന്ന് | CPTA | |

# Class 1 - English

Aim - To speak, read and write English without any mistakes.

Activities

- Pretest
- To develope listening skills & reading skills first
- Listening skills

  Games, Action songs, Hello English activities 2 conversations, skit stories

  Use ICT

  Speaking skills.

  Descriptions, growing sentences, picture reading, picture description, self introduction Assembly activities, speech, book review, quiz riddles, self introduction, school radio etc.
- Reading skills.

  News paper reading, library books reading, book review, reading breaking news, find words. Collect and read past tense, rhyming words, describing words etc Textbook activities.

- Writing skills

  Make word web, picture description, word chain, sentence chain, make words & sentence, make riddles, conversations, add more lines, develop story, description notice proclamation, diary, letter, annoucement, magazines.

- Playing with cards.

  Give letter card and make words by using the letters.

- English Assembly

  Presentation of rhymes, stories, puzzles, description and general knowledge.

- Library reading

  Give chance to the students to read rhymes and motivational stories.

- conversation

  Give chance to speak English language.

- Dictionary

  Make a dictionary by using the related words and picture of the lesson.

- use ICT

  Display the short story, Moral stories, simple poem, picture etc.

| Objectives | Activities | Duration | Duty | Source |
|---|---|---|---|---|
| To use English language easily and simply. | Playing with cards<br>English Assembly.<br>Library reading<br>conversation<br>Dictionary<br>use of ICT | June - March | class Teacher | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം.

ലക്ഷ്യം

1 മുതൽ 100 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യൽ. സങ്കലനം, വ്യവകലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിയൽ.

പ്രവർത്തനം.

കാർഡുകളി

സംഖ്യകൾ എഴുതിയ കാർഡ്, സങ്കലന വ്യവകലന ക്രിയകൾക്ക് ഉത്തരം കണ്ടെത്തുക.

മഞ്ചാടിക്കൂട്ടം.

സംഖ്യകളെ കൂട്ടങ്ങളാക്കുന്നു. സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

ഗണിത കിറ്റ്

ഗണിത പഠനത്തിനാവശ്യമായ ചുറ്റുപാടിൽ നിന്നും കിട്ടുന്ന മഞ്ചാടി, കല്ലുകൾ, ഈർക്കിലുകൾ, മുത്തുകൾ ഇവ ശേഖരിക്കുന്നു.

ഗണിതകേളി

ഗണിത കളികളിലൂടെ ഗണിതപഠനം സാധ്യമാക്കാൻ ICT സാധ്യതകളുപയോഗിച്ച് ഗണിതപ്പാട്ടുകൾ, ചിത്രങ്ങൾ, കളികൾ കാണിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * 1 മുതൽ 100 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യൽ.<br>* സങ്കലനം, വ്യവകലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ.<br>* ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിയുക.<br>* ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടികളെ വളർത്തൽ. | കാർഡുകളി.<br>മഞ്ചാടിക്കൂട്ടം.<br>ഗണിതക്കിറ്റ്.<br>ഗണിതകേളി.<br>ഐ.സി.റ്റി | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക<br>പി.ടി.എ | |

ഒന്നാം ക്ലാസ്സ്

മേഖല : അക്കാദമികം.

ഉപമേഖല : പരിസര പഠനം.

ലക്ഷ്യം

1. വ്യത്യസ്തതരം ചെടികളെ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.
2. ജീവനുള്ള വസ്തുക്കളുടെയും ജീവനില്ലാത്ത വസ്തുക്കളുടെയും പ്രത്യേകതകൾ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.
3. നമ്മുടെ ചുറ്റുപാടും കാണുന്ന ജീവികളുടെ പേര് ഓർമ്മിക്കാനും അവയുടെ സഞ്ചാര രീതി, അവ ഇരപിടിക്കുന്ന വിധം അവയുടെ ഭക്ഷണം എന്നിവ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.
4. മഴവരുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിയാനും ജലസ്രോതസ്സുകൾ തിരിച്ചറിയാനും ജലത്തിന്റെ മൂല്യം തിരിച്ചറിയാനുമുള്ള ശേഷി കുട്ടികളിൽ വളർത്തു.

പ്രവർത്തനങ്ങൾ

1. പ്രകൃതിയിലേക്ക് പോകാം. കുട്ടികൾ സ്കൂളിന്റെ ചുറ്റുപാടിലുള്ള സസ്യങ്ങൾ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ പഠിക്കുന്നു.
2. വീട്ടിലുള്ളവ, കാട്ടിലുള്ളവ. വിവിധ മൃഗങ്ങളുടെ ചിത്രങ്ങൾ നൽകി അവയിൽ നിന്ന് വീട്ടിലുള്ളവ കാട്ടിലുള്ളവ പട്ടികപ്പെടുത്തുന്നു.
3. കണ്ടെത്താം എഴുതാം. ചിത്രങ്ങൾ നൽകി സഞ്ചാര രീതിക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു.

4. ആഹാര വസ്തുക്കളെ തരംതിരിക്കാൻ. വിവിധ തരം ആഹാരവസ്തുക്കളെ പരിചയപ്പെടുത്തുകയും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുകയും ചെയ്യുന്നു.

5. കൃഷിയെ അറിയാൻ. സ്കൂളിലെ പച്ചക്കറിത്തോട്ടം സന്ദർശിക്കുകയും വ്യത്യസ്തതരം കൃഷിരീതികൾ പരിചയപ്പെടുകയും ചെയ്യുന്നു.

6. ആവാസ വ്യവസ്ഥ പരിചയപ്പെടൽ. വിവിധതരത്തിലുള്ള ജീവികളുടെ ആവാസവ്യവസ്ഥകൾ അടങ്ങിയ ചിത്രങ്ങൾ പരിചയപ്പെടുന്നു. ICT ഉപയോഗിച്ച് ജീവികളുടെ ചിത്രങ്ങൾ കാണിക്കുന്നു.

## ക്ലാസ്സ് : രണ്ട്

മുന്നൊരുക്കം

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ വാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

4. ആഹാര വസ്തുക്കളെ തരംതിരിക്കൽ. വിവിധ തരം ആഹാരവസ്തുക്കളെ പരിചയപ്പെടുത്തുകയും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുകയും ചെയ്യുന്നു.

5. കൃഷിയെ അറിയാൻ. സ്കൂളിലെ പച്ചക്കറിത്തോട്ടം സന്ദർശിക്കുകയും വ്യത്യസ്തതരം കൃഷിരീതികൾ പരിചയപ്പെടുകയും ചെയ്യുന്നു.

6. ആവാസ വ്യവസ്ഥ പരിചയപ്പെടൽ. വിവിധതരത്തിലുള്ള ജീവികളുടെ ആവാസവ്യവസ്ഥകൾ അടങ്ങിയ ചിത്രങ്ങൾ പരിചയപ്പെടുന്നു. ICT ഉപയോഗിച്ച് ജീവികളുടെ ചിത്രങ്ങൾ കാണിക്കുന്നു.

## ക്ലാസ്സ് : രണ്ട്

മുന്നൊരുക്കം

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

പ്രവർത്തനങ്ങൾ - ഭാഷ

ജൂൺ - ലൈബ്രറി, ബാലമാസികകൾ മറ്റ് വായനാ-സാമഗ്രികൾ നൽകി വായന നടത്തുന്നു. സചിത്ര പാഠ-പുസ്തകം തയ്യാറാക്കുന്നു.

ജൂലൈ - ക്ലാസ്സിൽ ഡയറിയെഴുത്ത് ശീലമാക്കുന്നു.

ആഗസ്റ്റ് - അസംബ്ലിയിൽ പത്രവായന നടത്തുന്നു.
ആഴ്ചയിൽ ഒരു ദിവസം ടീച്ചറും കുട്ടികളും ഒരുമിച്ചിരുന്ന് ലൈബ്രറി പുസ്തകം വായിക്കുന്നു. ഇതിനായി ഓരോ കുട്ടിയുടെയും നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ നൽകുന്നു.

സെപ്തംബർ - പദകാർഡുകൾ നൽകി വാക്യങ്ങൾ നിർമ്മിക്കുന്നു.

ഒക്ടോബർ - അക്ഷരങ്ങൾ നൽകി വാക്കുകൾ ഉണ്ടാക്കുന്നു.

നവംബർ - ചിത്രങ്ങൾ നൽകുകയും ചിത്രത്തെ അടിസ്ഥാനമാക്കി ലഘുവിവരണം അല്ലെങ്കിൽ ചിത്രവായന നടത്തുന്നു.
ചെറിയ വിഷയം നൽകി കഥ, കവിത എന്നിവ രചിക്കുന്നു.

ഡിസംബർ - ചെറിയ സന്ദർഭങ്ങൾ അവതരിപ്പിക്കുകയും അതിനെ അടിസ്ഥാനമാക്കി സംഭാഷണങ്ങൾ രചിക്കുകയും ചെയ്യുന്നു.

ജനുവരി - ചോദ്യങ്ങൾ, ആശയങ്ങൾ, സംശയങ്ങൾ എന്നിവ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു.

ഫെബ്രുവരി - ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.

മാർച്ച് - കുട്ടിക്കവിതകൾ ചൊല്ലി രസിക്കുന്നു.

Activities - English

Aim

Identifying the letters. Good reading and good writing.

June - To make words from letter card.

July - Sentence making.
To make meaningful sentence from word cards.

August - English Assembly.
Presenting different programme in the assembly like poem, story, proverbs, riddles etc.

September - Reading.
Give library book and read themselves in class.

October - New words.
Introduce dictionary book and find out the meaning of the word.

November - Use of ICT.
Display the short story, Moral stories, simple poem, picture etc.
conversation.
Writing a conversation individualy and present the role play.

December - concept map.
Preparing a concept map based on the theme.

January - Description.
writing a description based on the picture.

February - completing the sentences.
Divide the class into two groups prepare incomplete sentence cards.

March - Thoughts
writing thoughts related to the content.
A word a day.

## ഗണിതം

ലക്ഷ്യം.

1. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു.
2. കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകുന്നു.
3. ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
4. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
5. ജ്യാമിതീയ രൂപങ്ങളെ ആകൃതിക്കനുസരിച്ച് തരംതിരിക്കുന്നു.

പ്രവർത്തനങ്ങൾ

1. 100 മുതൽ 200 വരെയുള്ള സംഖ്യകളെ പരിചയപ്പെടുത്തുകയും സംഖ്യകളുടെ കൂട്ടം തിരിക്കാൻ മഞ്ചാടി മറ്റ് വസ്തുക്കൾ ഉപയോഗിക്കുന്നു.

2. രണ്ടക്ക സംഖ്യകളുടെ സങ്കലന/വ്യവകലന ക്രിയകൾ ഉപയോഗിച്ച് പ്രശ്ന പരിഹാരണം നടത്തുന്നു.

3. സംഖ്യ പാറ്റേൺ തയ്യാറാക്കുന്നു.

4. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പുതിയ രൂപങ്ങൾ ഉണ്ടാക്കുന്നു.

5. ഗണിത ക്ലാസ്സിൽ കളികൾ, പാട്ടുകൾ, കഥകൾ, ചിത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ലഘു പസിലുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു.

6. ഗണിതകിറ്റ് നിർമ്മാണം.

മഞ്ചാടി, കമ്പ്, സ്ട്രോ, വിവിധ രൂപങ്ങൾ, കളിപ്പാട്ടങ്ങൾ നാണയങ്ങൾ, നോട്ടുകൾ, സംഖ്യാ കാർഡുകൾ, ചിത്രങ്ങൾ ഗണിത കളികൾക്കുള്ള സാമഗ്രികൾ എന്നിവ അടങ്ങിയ ഗണിതകിറ്റ് നിർമ്മാണം നടത്തുന്നു.

7. ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പാട്ടുകൾ ചില കളികൾ ICT യുടെ സഹായത്താൽ കാണിക്കുന്നു.

## പരിസര പഠനം

ലക്ഷ്യം

1. ആശയരൂപീകരണത്തോടൊപ്പമുള്ള ശാസ്ത്രീയപ്രക്രിയാ ശേഷികളുടെ വികാസം.

2. അനുഭവങ്ങളിലൂടെയുള്ള പഠനം.

പ്രവർത്തനങ്ങൾ

1. ചുറ്റുപാടുമുള്ള വസ്തുക്കൾ, ജീവജാലങ്ങൾ തിരിച്ചറിയുന്നു
2. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില പോസ്റ്ററുകൾ നിർമ്മിക്കുന്നു.
3. വസ്തുക്കളെ തരം തിരിക്കുന്നു.
4. ലഘു പരീക്ഷണങ്ങൾ ക്ലാസ്സിൽ നടത്തുന്നു.
5. രോഗങ്ങളുടെ ചിത്രങ്ങൾ അടങ്ങിയ ചാർട്ട് നോക്കി പത്രവാർത്ത ഉണ്ടാക്കുന്നു.
6. പരിസര ശുചിത്വം, വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് പറയുന്നു.
7. പഠനകിറ്റ് നിർമ്മിക്കുന്നു.
8. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വീഡിയോകൾ ICT സാധ്യത പ്രയോജനപ്പെടുത്തി കാണിക്കുന്നു.

## ക്ലാസ്സ് : 3, 4, 5 മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന. | വായിക്കാം, എഴുതാം, വായിക്കാം. | ☆ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>☆ നിശബ്ദ വായന.<br>☆ വായനാ കാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ.<br>☆ നിശബ്ദ വായന.<br>☆ ഉച്ചത്തിൽ വായന.<br>☆ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം, എഴുതാം വായിക്കാം.<br><br>തുടർപ്രവർത്തനം. | ☆ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>☆ വായനാ കാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ.<br>☆ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>☆ കുട്ടി വായിക്കുന്നതിന്റെ വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം. | ☆ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു<br>☆ നിശബ്ദ വായന.<br>☆ വായിച്ചറിഞ്ഞ ആശയം പറയൽ.<br>☆ ആവശ്യമെങ്കിൽ ആവർത്തന വായന.<br>☆ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | ജൂൺ |

| | | | |
|---|---|---|---|
| | ആശയം പറയാം തുടർപ്രവർത്തനം. | ★ കുട്ടി വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞു കൊടുക്കുന്നു. | ജൂൺ |
| | വായിക്കാം കൂട്ടുകാരെ വായിക്കാം അഭിപ്രായം പറയാം. | ★ കുട്ടികൾക്ക് കഥ കാർഡ് നൽകുന്നു.<br>★ വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>★ കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ★ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>★ ലൈബ്രേറിയനായി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>★ പുസ്തക വിതരണം.<br>★ വായന, വായനാനുഭവം പങ്കുവയ്ക്കൽ. | സെപ്റ്റംബർ ↓ ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം. | ★ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>★ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>★ കഥ സ്വയം എഴുതൽ.<br>★ അധ്യാപികയുടെ ഇടപെടൽ.<br>★ മെച്ചപ്പെടുത്തി എഴുതൽ<br>★ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>★ കുട്ടി വായിക്കുന്നതിന്റെ വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |

| | | | |
|---|---|---|---|
| ചിത്രത്തിലെ ഓണാഘോഷം | ചിത്രത്തിലെ ഓണാഘോഷം. | കുട്ടികൾക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. തന്ന ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>* ചിത്രത്തിൽ ഓണാഘോഷമെന്ന് പറയാൻ അവസരം.<br>* വിവരണം എഴുതാൻ<br>* അദ്ധ്യാപികയുടെ ഇടപെടൽ.<br>* രചന മെച്ചപ്പെടുത്താൻ. | 2 ആഴ്ച |
| | ഓണാഘോഷം കാഴ്ചകൾ. | * കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് എഴുതാൻ അവസരം. കുറിപ്പ് അവതരണം. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം, പാടി അവതരിപ്പിക്കാം. | * കവിത പൂർത്തിയാക്കാൻ അവസരം.<br>* കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>* കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു. | സെപ്റ്റം-ബർ |
| | സർഗാത്മക രചന. | * കുട്ടികൾ ടീച്ചറുടെ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വന്തം കഥ എഴുതാൻ അവസരം.<br>* നിർദേശങ്ങൾക്കനുസരിച്ച് കഥ മെച്ചപ്പെടുത്തി കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ഒക്ടോബർ |
| | ക്ലാസ് ലൈബ്രറി. | വായനാക്കുറിപ്പ്<br>ഡയറിയെഴുത്ത്. | നവംബർ - മാർച്ച്. |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം. | ★ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>★ കിട്ടിയ സംഖ്യ വായിക്കാം.<br>★ മു[illegible]വൻ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം. | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കാൻ | ജൂൺ – സെപ്റ്റംബർ |
| | ക്രമത്തിലാക്കാം. | ★ വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>★ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ – ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാൻ | കെട്ടുകളാക്കാം. | ★ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>★ കളിക്കോൽ /ബീഡ്സ് ഉപയോഗിച്ച് 1,10,100,1000 ന്റെ കെട്ടുകളാക്കി മാറ്റാം. | ജൂൺ |
| | സംഖ്യാനൃത്തം | ★ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ കാർഡിൽ എഴുതാം.<br>★ ഗ്രൂപ്പായി നിന്ന് കാർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതികളിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |

| | | | |
|---|---|---|---|
| | ശേഖരിക്കാം. | * സംഖ്യകളെ ആരോഹണക്രമത്തിൽ ശേഖരിക്കാം.<br>* അവയിൽ ഗുണിത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ - നാലാമത്തെ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട/ കച്ചവട കളികൾ. | * കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം. അരി etc. പേരുകൾ അവയ്ക്ക് വില നൽകി കട ശേഖരിക്കുന്നു.<br>* നോട്ട്, നാണയ പാഠങ്ങൾ ശേഖരിക്കുന്നു.<br>* ആവശ്യമുള്ളവ തരംതിരിക്കുന്നു.<br>* കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടങ്ങൾ ഒരുക്കുന്നു.<br>* കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>* സാധനം വാങ്ങുന്നതും പണം (കളിനോട്ട്) കൊടുക്കുന്നതും ചെയ്യുന്നു.<br>* ഗ്രൂപ്പിൽ ചർച്ച നടക്കുന്നു<br>* പ്രയാസങ്ങൾ ഗ്രൂപ്പിൽ/അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു | ഫെബ്രുവരി |
| | സ്വയം പഠനം. | * സ്വന്തം ഷോപ്പിംഗ് ചാർട്ട് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു. (റോൾ പ്ലേ)<br>* സ്വന്തമായി ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപയോഗപ്പെടുത്തുന്നു. | |

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യാചക്രം | * സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>* അവ ഉപയോഗിച്ച് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ - മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം. | * അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>* വിവിധ ക്രിയകൾ അടങ്ങിയ ചീട്ടുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ക്രിയ ചെയ്യും.<br>* അതിന്റെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഫെബ്രുവരി |
| | ബിങ്കോ കളി കണ്ടെത്താം | * വിവിധ ക്രിയകൾ അടങ്ങിയ ചിത്ര ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾക്ക് സംഖ്യ കാർഡുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ വെക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

| ENGLISH | | | |
|---|---|---|---|
| Learning outcomes | Activities | Activity Details | Duration |
| • Describes the pictures. | Picture Description | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>Slow learners<br>Gives opportunity to express their idea in Malayalam. | June - August |
| • Arranges word in alphabetical order | Dictionary | • Introducing the dictionary<br>• Give words.<br>• Arranging words in alphabetical order | July - March |
| • Adds more exchanges to the conversation suitable to the context. | Conversation | • Reading the conversation<br>• conversation is acting with friends<br>• Add more exchanges to the conversation<br>Slow learners<br>Give opportunity to express their ideas in Malayalam. | |
| • Identifies rhyming words from the poem | Rhyming words | • Plays the audio of song<br>• Let the learner sing with the audio<br>• Discussion identifies rhyming words | July to September. |

| | | | |
|---|---|---|---|
| • Add lines to a poem following a set pattern | Add more lines | • Plays the audio of song.<br>• Let the learner sing after the audio.<br>• Add lines to the poem. | July to December |
| • Reads and understand the given stories and poems. | Let's read. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to March |
| • Makes simple riddles. | Riddles. | • Give children the opportunity to hear and answer simple riddles.<br>• Makes simple riddles<br>Slow learners.<br>Give opportunity to express their idea in Malayalam. | August to March. |
| • Undertakes simple project work given. | Projectworks | • Give instructions<br>• Data collection<br>• codifying | October to March |

# പരിസര പഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം. | * ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസ്സിലാക്കാം.<br>* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>* നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം, സ്വയം തിരുത്താം<br>* പ്രകൃതിക്ക് ദോഷമുണ്ടാക്കുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>* തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ. |
| | പൂന്തോട്ടം ഒരുക്കാം. | * സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>* വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം. | * പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ.<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമ്മാണം. | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ.<br>* പരിസരങ്ങളിൽ പതിക്കൽ. | ജൂൺ |
| | ദാഹജലം | * പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

| | | | |
|---|---|---|---|
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | ☆ ഓരോ ദിവസവും ചെയ്യേണ്ട കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ആശയം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>☆ കുട്ടികളെ ശ്രദ്ധിച്ചുകൊണ്ട് ഓരോ ദിവസത്തെയും പരിശോധന നടത്തി ഓരോ ശുചിത്വമാർക്ക് നൽകുന്നു. | ജൂൺ - മാർച്ച് |
| | നമ്പർ വൺ | ☆ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>☆ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ കണക്കാക്കിക്കൊണ്ടുള്ള മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച്. |
| | പരിസര നടത്തം. | ☆ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം മനസ്സിലാക്കാം.<br>☆ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>☆ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ☆ പോഷകങ്ങൾ ആഹാരമാക്കാം.<br>☆ പരിസരങ്ങളിൽ പരിശോധിക്കാം. | ജൂലൈ - മാർച്ച്. |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ☆ നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc.) | ജനുവരി - മാർച്ച്. |

| | | | |
|---|---|---|---|
| | പരീക്ഷണ-ങ്ങൾ. | * ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണ-ങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ-ഫെബ്രുവരി |
| | ശാസ്ത്രജ്ഞന്മാ-രോടൊപ്പം | * ക്വിസ്<br>* വിവിധ ശാസ്ത്ര അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നു. | ഡിസംബർ-ഫെബ്രുവരി |
| | പക്ഷി നിരീക്ഷ-ണം. | * ക്വിസ്<br>* പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി-മാർച്ച് |

# ബാല (Building as a Learning Aid)

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും പഠനമികവിലെത്തിക്കാൻ, ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താൻ.
2. എല്ലാ ക്ലാസ്സിലെയും പഠനപ്രവർത്തനം ചിട്ട് ചെയ്ത് ചിത്രസാധ്യത ബോധിപ്പിക്കാൻ.
3. ആകർഷകമായ ചിത്രീകരണം വിദ്യാലയചുമരുകളിൽ.
4. കുട്ടിയുടെ പഠനം അകം ചുവരുകളിൽ നിന്ന് പുറംലോകത്തേക്ക്.
5. പൊതുസമൂഹത്തെ വിദ്യാലയത്തോട് അടുപ്പിക്കാൻ

## പ്രവർത്തനങ്ങൾ

1. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിലെ പാഠ-ഭാഗങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ചിത്രങ്ങൾ തീർച്ചപ്പെടുത്താൻ.
2. സേവനതത്പരരായ ചിത്രകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്താൻ പി.ടി.എയിൽ ധാരണയായി.
3. ഏത് ക്ലാസ്സിനും ഏത് വിഷയത്തിനും പഠനപ്രവർ-ത്തനങ്ങൾക്കായി ഉപയോഗിക്കാൻ.

# കലാകായിക പ്രവൃത്തി പരിചയം

ലക്ഷ്യം

കലാപരമായും കായികപരമായുമുള്ള കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും മത്സരയിനങ്ങളിൽ പങ്കെടുപ്പിച്ച് വിജയം വരിക്കാനും.

നിർമ്മാണപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാൻ.

പ്രവർത്തനങ്ങൾ

1. ചിത്രരചനാ മത്സരം

നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചനാ മത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.

2. പ്രദർശനം

കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാനവസരം നൽകുന്നു.

3. ചിത്രരചനാ ക്യാമ്പ് - അറിയപ്പെടുന്ന അധ്യാപകരെ ഉൾപ്പെടുത്തി ചിത്രരചനാ ക്യാമ്പ് നടത്തുന്നു.

4. ചിത്രകാരന്മാരെ പരിചയപ്പെടൽ

ലോകപ്രശസ്ത ചിത്രകാരന്മാരുടെ ജീവചരിത്രം, ചിത്രങ്ങൾ എന്നിവ ICT സഹായത്തോടെ കാണിച്ചു കൊടുക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു.

5. ബാലസഭ

മാസത്തിൽ ഒരു ദിവസം കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു.

6. കലാമേള

സ്കൂൾ ഉപജില്ലാ കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

7. പരിശീലനം

കായികതാരങ്ങളുടെ കഴിവുകൾ കണ്ടെത്തി ആവശ്യമായവർക്ക് പരിശീലനം നൽകുന്നു.

8. യോഗ

ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം നടത്തുന്നു.

9. കായികാധ്യാപകരുടെ സേവനം

സമീപ വിദ്യാലയങ്ങളിലെ കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നു.

10. കായികമേള

സ്കൂൾ കായിക മേള സംഘടിപ്പിക്കുന്നു.

11. പ്രവൃത്തി പരിചയമേള.

ഒറിഗാമി, പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമിക്കൽ, വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രതുന്നൽ എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നു.

# ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും

ലക്ഷ്യങ്ങൾ

എൽ.പി ക്ലാസ്സിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സും മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്താൻ.

പ്രവർത്തനങ്ങൾ

1. ഓരോ വിഷയവുമായി എങ്ങനെയെല്ലാം ഐ.സി.ടി പ്രയോജനപ്പെടുത്താമെന്ന് കണ്ടെത്താൻ.
2. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ, ചിത്രങ്ങൾ, പാട്ടുകൾ, കഥകൾ തുടങ്ങിയവ കണ്ടെത്തി ഡൗൺലോഡ് ചെയ്ത് അതാത് പെൻഡ്രൈവിൽ സൂക്ഷിക്കുന്നു. ഓരോ പാഠത്തിനും അനുയോജ്യമായ സന്ദർഭത്തിൽ ഉപയോഗിക്കുന്നു.
3. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചക്ക് ഇടവേളകളിൽ ഇംഗ്ലീഷ് സംസാരിക്കുന്ന വീഡിയോയുടെ പ്രദർശനവും അതിനെ അടിസ്ഥാനമാക്കി ഇന്ററാക്ഷൻ നടത്തുകയും ചെയ്യുന്നു. കുട്ടികളുടെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ വികസിപ്പിക്കുന്നു.

ലക്ഷ്യം

പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് പരീക്ഷകളിലും വിജയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

പ്രവർത്തനങ്ങൾ

1. പരീക്ഷാക്യാമ്പുകൾ.

ഈ പരീക്ഷകളിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും എ ഗ്രേഡ് നേടാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

2. ദിനാചരണ ക്വിസ്

ചാന്ദ്രദിനം, ഗാന്ധിജയന്തി, സ്വാതന്ത്ര്യദിനം ശാസ്ത്രദിനം തുടങ്ങിയ ദിനങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം നടത്തുന്നു. ഒന്നും രണ്ടും മൂന്നും നേടിയവരെ പഞ്ചായത്ത്, ഉപജില്ലാതലങ്ങളിൽ വിജയിക്കാൻ പരിശീലനം നൽകും.

3. പരിശീലനക്ലാസ്സ്

എൽ.എസ്.എസ് പരിശീലനം ചെറിയ ക്ലാസ്സിൽ നിന്നുതന്നെ തുടങ്ങും. ഓരോ ക്ലാസ്സിലെയും പാഠഭാഗങ്ങൾക്കനുസൃതമായി അധിക പ്രവർത്തനങ്ങൾ നൽകും.

4. ചോദ്യമാതൃകകൾ

മാതൃകാപരീക്ഷകൾ മുൻ വർഷങ്ങളിലെ എൽ.എസ്.എസ് ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്തതും മാതൃകാ പരീക്ഷകൾ നടത്തും.

5. രക്ഷിതാവ് അറിയാൻ

എൽ.എസ്.എസ് പരീക്ഷ എഴുതുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഈ മാതൃകാ ചോദ്യനിർമാണത്തിന് പരിശീലനം നൽകും.

മേഖല : സാംസ്കാരികം

പ്രവർത്തനത്തിന്റെ
പേര് : സ്കൂൾ പാർലമെന്റ്

ഉപമേഖല : സാമൂഹിക സേവനം

ലക്ഷ്യം

ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ

പ്രവർത്തനങ്ങൾ

പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വഴിയുള്ള തെരഞ്ഞെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ.

കാലം

5 ഘട്ടം

1. കാലവർഷ സമ്മേളനം.
2. തുലാവർഷ സമ്മേളനം.
3. ഓണക്കാല സമ്മേളനം.
4. ക്രിസ്മസ് സമ്മേളനം.
5. വേനൽക്കാല സമ്മേളനം.

ചുമതല

എസ്. ആർ. ജി സ്കൂൾ പാർലമെന്റ്

സാമൂഹിക വിഭാഗം.

മേഖല : ഭൗതികം

പ്രവർത്തനത്തിന്റെ പേര് : ലൈബ്രറി ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഏജൻസി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബുദ്ധിയും + അറിവും = പഠനം | സാമൂഹ്യപരമായ സഹായങ്ങൾ ലഭ്യമാകുന്ന രീതിയിൽ ലൈബ്രറി ഹാൾ ഒരുക്കൽ | 2 വർഷം | പി.ടി.എ എം.പി.ടി.എ | എം.പി.ടി.എ പി.ടി.എ |

പ്രവർത്തനത്തിന്റെ പേര് : അസംബ്ലി ഹാൾ നിർമാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഏജൻസി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാപരമായ സാമൂഹ്യ വികസനം. | എല്ലാ പ്രോഗ്രാം കലാപരമായും സ്കൂൾ അസംബ്ലി കൂടുവാൻ പാകത്തിന് അസംബ്ലി ഹാൾ സജ്ജമാക്കുക. | 2 വർഷം | പി.ടി.എ | പൂർവ്വ വിദ്യാർത്ഥി സംഘടന. |

# മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, മദേഴ്സ് ഫോറം, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്കു വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ. കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | |
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുക്കുന്നു. | കുട്ടികൾ രചിച്ച കഥ, കവിത, കാർട്ടൂൺ കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യ സൃഷ്ടികൾ എസ്.ആർ.ജി യുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണമായവ തെരഞ്ഞെടുക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ | |
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ അനുഭവ വിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്നു വീതം | എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപ്പൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചു കൊടുക്കൽ. | വർഷത്തിൽ മൂന്ന് പ്രാവശ്യം | എസ്. ആർ. ജി | |
| ലഹരി വിമുക്ത ക്യാമ്പസ്, ലഹരി വിമുക്ത സമൂഹം | രക്ഷകർത്താക്കൾക്കും സമൂഹത്തിനും ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ പോസ്റ്റർ പ്രചാരണം. | ഒരു വർഷം | എസ്. എം. സി, എസ്. എസ്. ജി | |

## ഉപസംഹാരം

വിജയങ്ങൾ മാത്രം കൈമുതലാക്കി സെന്റ്. തോമസ് എൽ. പി. സ്കൂൾ തന്റെ ചരിത്രത്തിലേക്ക് എത്തിനോക്കിയാൽ ഈ വിദ്യാലയം ഈ ഗ്രാമത്തിന് തന്നെ അഭിമാനമാണ്. ഇതുപോലെ ഏറെക്കാലമായി നിലനിൽക്കുവാൻ, പരിമിതികളെല്ലാം മറികടന്ന മുന്നേറാൻ നമുക്ക് സാധിച്ചു. പരിമിതികളെയെല്ലാം അതിജീവിച്ച് ഉന്നതമായ നിലയിലേക്ക് ഈ സരസ്വതി ക്ഷേത്രത്തെ ഉയർത്തിക്കൊണ്ടുവരാൻ ഒട്ടേറെ കടമ്പകൾ കടക്കാനുണ്ട്. നാളത്തെ വാഗ്ദാനങ്ങളായ കുട്ടികളിലാണ് ഒരു ഗ്രാമത്തിന്റെ മുഴുവൻ ഉയർച്ചയും നിലകൊള്ളുന്നത്. അതുകൊണ്ട് ഈ വിദ്യാലയത്തെ ഏറ്റവും മികച്ച സൗകര്യങ്ങളോടുകൂടിയ ഒരു വലിയ വിദ്യാഭ്യാസ കേന്ദ്രമാക്കി ഉയർത്തേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു. ഇതിലേക്കായി ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.